LIBRARY ARCHIVES Kerala Legislative Assembly

സാമഗ്രികളും റോഡിൽ കൂട്ടിയിടുന്നതുമൂലമുള്ള അപകടങ്ങളുമുണ്ട്. ആനകൾ തടി വലിക്കുന്നതുപോലും റോഡിലൂടെയാണ്. തെരുവ് സംസ്കാരം മോശപ്പെട്ട ഭാഷയാണെങ്കിലും യഥാർത്ഥത്തിൽ നമുക്കൊരു തെരുവ് സംസ്കാരവും റോഡ് കൾച്ചറും ആവശ്യമാണ്. അതില്ലാത്തതുമൂലം അപകടങ്ങളുമുണ്ടായിരിക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഗൗരവതരമായി ഈ പ്രശ്നം പരിഹരിക്കണം. ഈ ബില്ലിന്റെ തുടർ ചർച്ച അടുത്ത ആഴ്ചയിലേയ്ക്ക് മാറ്റാം. ഈ ബിൽ തീർച്ചയായും സർക്കാരിന് അംഗീകരിക്കാതിരിക്കാൻ നിവൃത്തിയില്ല. ലക്ഷക്കണക്കിന് കാൽനട യാത്രക്കാരുടെ ജീവൻ പണയം വച്ചുകൊണ്ട് ഒരു സർക്കാരിന് ഈ ബിൽ തള്ളിക്കളയാൻ കഴിയില്ല. അതുകൊണ്ട് സർക്കാർ ഈ ബില്ലിന് അംഗീകാരം നൽകണം. അടുത്ത ആഴ്ചയിൽ ബാക്കി കാര്യങ്ങൾ പറയാം.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 2017-ലെ കേരള കാൽനട യാത്രക്കാരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(iii) 2017-ലെ കേരള ക്രിമിനൽ നിയമ (ഭേദഗതി) ബിൽ

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, 2017-ലെ കേരള ക്രിമിനൽ നിയമ (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ് : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. നോട്ടീസ് നൽകിയിരിക്കുന്ന 2017-ലെ കേരള ക്രിമിനൽ നിയമ (ഭേദഗതി) ബിൽ ഇന്ത്യൻ ശിക്ഷാനിയമത്തിലും ക്രിമിനൽ നടപടി നിയമത്തിലും ഭേദഗതി വരുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. പല കുറ്റകൃത്യങ്ങൾക്കും നിയമം അനുശാസിക്കുന്ന ശിക്ഷ വർദ്ധിപ്പിക്കുന്ന വ്യവസ്ഥകളാണ് ഈ ബില്ലിലുള്ളത്. നടപടിക്രമങ്ങളെ സംബന്ധിച്ച് സുപ്രധാനമായ മാറ്റങ്ങൾ നിർദ്ദേശിക്കുന്നുണ്ട്. ഇന്ത്യൻ ശിക്ഷാനിയമവും ക്രിമിനൽ നടപടി നിയമവും കേന്ദ്ര നിയമങ്ങളാണെങ്കിലും കൺകറന്റ് ലിസ്റ്റിൽപ്പെട്ട വിഷയങ്ങളായതിനാൽ സംസ്ഥാന നിയമസഭയ്ക്ക് ഭേദഗതി വരുത്താനുള്ള അവകാശമുണ്ട്. എന്നാൽ ഇതര സംസ്ഥാനങ്ങളിൽ നിലവിലുള്ള ശിക്ഷയും നടപടിക്രമവും കേരളത്തിൽ മാത്രമായി മാറ്റുന്നത് വിവിധ തലങ്ങളിൽ ഗൗരവമായ ആലോചനകൾക്കും ചർച്ചകൾക്കുംശേഷം മാത്രമേ തീരുമാനിക്കാനാവൂ. സംസ്ഥാനത്ത് ഇതിനകംതന്നെ നിയമപരിഷ്കരണ കമ്മീഷനെ

നിയോഗിക്കുകയും പ്രവർത്തനങ്ങളാരംഭിക്കുകയും ചെയ്തിട്ടുണ്ട്. അത്തരമൊരു പശ്ചാത്തലത്തിൽ ഇത്തരമൊരു ബില്ലിന് അനുമതി നൽകേണ്ടതില്ലെന്നാണ് സർക്കാരിന്റെ അഭിപ്രായം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നമ്മുടെ നാട്ടിലെ കുറ്റകൃത്യങ്ങളും ശിക്ഷയും കൈകാര്യം ചെയ്യുന്ന നിയമവ്യവസ്ഥ ഇൻഡ്യൻ പീനൽ കോഡും അതിന്റെ നടപടിക്രമങ്ങളെ വിശദീകരിക്കുന്നത് ക്രിമിനൽ പ്രൊസീജിയർ കോഡുമാണ്. ഈ രണ്ട് ആക്ടുകൾ ചേർന്നാണ് പ്രധാനമായി കുറ്റകൃത്യങ്ങൾ സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. അതിനുപുറമെ Atrocities of SC/ST, അബ്കാരി എന്നിങ്ങനെയുള്ള ചില മേഖലകൾക്ക് പ്രത്യേകമായ ക്രിമിനൽ നിയമങ്ങളുണ്ട്. ഐ.പി.സി.-യും സി.ആർ.പി.സി.-യുമൊക്കെ ബ്രിട്ടീഷ് കാലഘട്ടത്തിലുണ്ടാക്കിയതും കേന്ദ്ര നിയമങ്ങളുമാണ്. ഈ കേന്ദ്ര നിയമങ്ങൾ പാർലമെന്റ് പലതവണ ഭേദഗതി ചെയ്തിട്ടുണ്ട്. ഇതിന്റെ ദൂരവ്യാപകമായ വശങ്ങൾ പരിശോധിക്കേണ്ടതുകൊണ്ട് അതിന് മുതിരുന്നില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. അതിന്റെ ആവശ്യമില്ലെന്നാണ് എനിക്ക് പറയാനുള്ളത്. ഒരു നിയമ നിർമ്മാണസഭ എന്ന നിലയ്ക്ക് ഐ.പി.സി.-യും സി.ആർ.പി.സി.-യും കേരളീയ സാഹചര്യങ്ങൾക്കനുസരിച്ച് ഒഴിവാക്കാനോ ഇല്ലാതാക്കാനോ കഴിയില്ല. പക്ഷേ കേരളത്തിലെ സാമൂഹ്യ അവസ്ഥയ്ക്കനുസരിച്ച് ആവശ്യമായ ഭേദഗതികൾ വരുത്താൻ ഈ നിയമനിർമ്മാണ സഭയ്ക്ക് അധികാരമുണ്ട്. ആ അധികാരം വിനിയോഗിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അത് വിനിയോഗിക്കപ്പെടാതെ പോകുന്നതുകൊണ്ട് പല കാര്യങ്ങളിലും പ്രയാസങ്ങളുണ്ടാകും. അത് വിനിയോഗിക്കപ്പെടാതെ പോകുന്നത് നിയമനിർമ്മാണ വിഷയത്തിൽ നമ്മൾ കാണിക്കുന്ന അലംഭാവമായി നാളെ ചരിത്രം വിലയിരുത്തുമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ഈ ബില്ലിന്റെ അവതരണം ഇന്ന് തുടങ്ങിവയ്ക്കുക മാത്രമാണ് ചെയ്യുന്നത്. ഇനിയും ചില അംഗങ്ങളുടെ ബില്ലുകൾ സഭയിൽ വരാനുണ്ട്. അതുകൊണ്ട് ഒന്നുരണ്ട് ചെറിയ കാര്യങ്ങൾ മാത്രം ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു.

ചില കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷ വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. അളവ് തൂക്കങ്ങളുമായും മായം ചേർക്കുന്നതുമായും ബന്ധപ്പെട്ടുള്ളവയാണ് അതിൽ പ്രധാനം. മരുന്നിൽ മായം ചേർത്താലോ റോഡിൽ അടിപിടി കൂടിയാലോ അമിത വേഗതയിലും അശ്രദ്ധയിലും വാഹനമോടിച്ച് അപകടമുണ്ടാക്കിയാലോ വളരെ ലളിതമായ ശിക്ഷാ നടപടിക്രമങ്ങളാണ് നിലവിലുള്ളത്. ഇത്തരം പ്രവൃത്തികൾ ആവർത്തിക്കപ്പെടാതിരിക്കേണ്ടതുണ്ട്. രാജ്യത്ത് ധാരാളം അപകടമരണങ്ങൾ നടക്കുന്നുണ്ട്. കേരളത്തിൽ ഓരോ മണിക്കൂറിലും ധാരാളം ആളുകൾക്ക് അപകടം

LIBRARY ARCHIVES Kerala Legislative Assembly

സംഭവിക്കുകയും മരിക്കുകയും ചെയ്യുന്നു. അതിനെല്ലാം ഒരു നിയന്ത്രണം വേണം. അമിതവേഗതയിലും അശ്രദ്ധയിലും മദ്യപിച്ചും വാഹനമോടിക്കുന്നത് നിയന്ത്രിക്കണം. മരുന്നിന്റെ കാര്യവും അങ്ങനെ തന്നെയാണ്. ഇന്ന് എല്ലാ സാധനങ്ങളിലും മായമാണ്. മായം കഴിച്ച് എന്തെങ്കിലും അസുഖം വന്നാൽ അതിനുവേണ്ടി കഴിക്കുന്ന മരുന്നിലും മായമാണ്. അതെല്ലാം നിയന്ത്രിക്കുന്നതിനുള്ള ചില നടപടിക്രമങ്ങൾ ഉണ്ടാകണം. അതുപോലെതന്നെ കുറേ നടപടിക്രമങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ട്. സി.ആർ.പി.സി.-യിൽ പോലീസ് ഓഫീസർക്കെതിരെ സെർച്ച് വാറണ്ട് പുറപ്പെടുവിക്കുമ്പോൾ പോലീസ് മുഖാന്തിരമാണ് നിലവിലുള്ള വ്യവസ്ഥയിൽ അത് നടപ്പാക്കേണ്ടത്. അത് മാറണം. കാരണം, പോലീനെതിരെ സെർച്ച് വാറണ്ട് പുറപ്പെടുവിക്കുമ്പോൾ ഒരു അഡ്വക്കേറ്റ് കമ്മീഷണറോ ഗസറ്റഡ് ഓഫീസറോ മുഖാന്തിരം അത് നടപ്പാക്കുകയെന്ന തരത്തിൽ നന്മ ഉദ്ദേശിച്ചു കൊണ്ടുള്ള കുറച്ച് ഭേദഗതികളാണ് കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. അതുകൊണ്ട് വേറെ പ്രത്യാഘാതങ്ങളൊന്നുമുണ്ടാകില്ല.

ചില ആളുകൾ കേസിൽ പ്രതിയായി ചേർക്കപ്പെട്ടിട്ടുണ്ടാകാം. അവർക്ക് വിദേശത്ത് ജോലിയുണ്ടാകും. അങ്ങനെ വിദേശത്ത് ജോലിയുള്ള ആൾ ഇവിടെ എല്ലാ കേസിനും ഹാജരാകണമെന്ന് പറഞ്ഞാൽ അയാൾ ആ ജോലിയും സംവിധാനവുമൊക്കെ ഉപേക്ഷിക്കേണ്ട സ്ഥിതിയാണുള്ളത്. ഇന്ന് മജിസ്ട്രേറ്റ് കോടതികളിൽ അതിന് അനുമതി കൊടുക്കുന്നുണ്ട്. പക്ഷേ സെഷൻസ് കോടതികളിൽ നിലവിലുള്ള നിയമം ഭേദഗതി വരുത്തിയാൽ ഇവർക്ക് personal attendance-ന് ഇളവ് കൊടുത്തുകൊണ്ട് കോടതികൾക്ക് ഉത്തരവിടാൻ കഴിയും. അപ്പോൾ കേസുണ്ടെങ്കിലും അയാൾക്ക് വിദേശത്ത് ജോലി തുടരാം. കേസ് എന്നുപറയുന്നത് കേവലം കുറ്റാരോപണം മാത്രമാണ്. അയാൾ കുറ്റകൃത്യം ചെയ്തുവെന്ന് തെളിയിക്കപ്പെട്ടിട്ടില്ല. ആവശ്യപ്പെടുന്ന സമയത്ത് നമുക്കദ്ദേഹത്തെ തിരിച്ചുവിളിക്കാം. ചിലപ്പോൾ ഒരു കേസിന്റെ വിചാരണ പൂർത്തിയാകണമെങ്കിൽ നാലും അഞ്ചും വർഷമെടുക്കും. വിദേശത്തെ ജോലിയും കളഞ്ഞ്, അദ്ദേഹത്തിന്റെ കുടുംബത്തെ പട്ടിണിയിലാക്കി കേസ് വെറുതെ വിട്ടിട്ട് വല്ല കാര്യവുമുണ്ടോ; ഇത്തരത്തിലുള്ള പല വിഷയങ്ങളുണ്ട്. നമ്മൾ അതൊന്നും നിസ്സാരമായി കാണരുത്. ഇക്കാര്യങ്ങൾ ഓരോരുത്തരുടേയും ജീവിതത്തിൽ വരുമ്പോഴാണ് അതിന്റെ പ്രാധാന്യം മനസ്സിലാകുന്നത്. അതെല്ലാം മനസ്സിലാക്കി ആവശ്യമായ കാര്യങ്ങൾ ചെയ്യാൻ നിയുക്തരായവരാണ് നമ്മൾ. അതുകൊണ്ടുതന്നെ ചില നടപടിക്രമങ്ങളിൽ വരുത്തേണ്ട കുറേ മാറ്റങ്ങളുണ്ട്. സമയപരിമിതിമൂലം ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. പിന്നീട് ഒരവസരത്തിൽ വിശദീകരിക്കാം.

ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായല്ലാതെ ഒരുദ്യോഗസ്ഥൻ കുറ്റകൃത്യം ചെയ്താൽ അതിനെതിരെ സ്വകാര്യ അന്യായം കൊടുക്കണമെങ്കിൽ സർക്കാരിന്റെ സാംഗ്ഷൻ വേണം. കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി വരുന്ന

LIBRARY ARCHIVES Kerala Legislative Assembly

കുറ്റകൃത്യങ്ങൾക്കെതിരെ അന്യായം കൊടുക്കുന്നതിന് ഒരു പോലീസ് ഓഫീസർ അല്ലെങ്കിൽ ഒരു ഗസറ്റഡ് ഓഫീസർ സാംഗ്ഷൻ നൽകിയാൽ മതിയാകും. അയാൾ വ്യക്തിപരമായി, രാവിലെ നടക്കാൻ പോകുമ്പോഴുണ്ടാക്കിയ അടിക്കോ അല്ലെങ്കിൽ ആരോടെങ്കിലും എന്തെങ്കിലും അന്യായം കാണിച്ചതിനോ കേസ് കൊടുക്കുന്നതിന് ഇപ്പോൾ സർക്കാരിന്റെ സാംഗ്ഷൻ വാങ്ങണം. കേസ് കൊടുക്കുന്നതിന് മുൻപ് അനുമതി വാങ്ങുക എന്നു പറയും. അക്കാര്യങ്ങളിലൊക്കെ ഒഴിവ് വേണം. എല്ലാം ജനറലൈസ് ചെയ്തുപോകേണ്ട കാര്യമില്ല. സായിപ്പിന്റെ കാലത്തുണ്ടാക്കിയ നിയമമാണിത്. കാലോചിതമായി മാറ്റം വരുത്താനുള്ള അധികാരം നമുക്കുണ്ട്. അത് പ്രയോഗിക്കാൻ അറച്ചുനിൽക്കുന്നതിൽ അർത്ഥമില്ല. ഇതൊരു സ്വകാര്യ ബില്ലായിട്ടാണ് വരുന്നതെങ്കിലും ഇതിന്റെ താൽപ്പര്യം ഉൾക്കൊണ്ടുകൊണ്ട് ക്രിമിനൽ നിയമങ്ങളിൽ സർക്കാരിൽനിന്നുതന്നെ ഇടപെടലുകളുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇതുസംബന്ധിച്ച് ഒരു ദീർഘമായ ചർച്ച വേണം. ഇവിടെയുള്ള എല്ലാവരുടേയും അഭിപ്രായം അറിയണം. ഇത്രയും പറഞ്ഞുകൊണ്ട് ഈ ബിൽ തുടർ ചർച്ചയ്ക്ക് മാറ്റി വയ്ക്കണമെന്ന അപേക്ഷയോടുകൂടി ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 2017-ലെ കേരള ക്രിമിനൽ നിയമ (ഭേദഗതി) ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(iv) 2017-ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപ്പെക്സ് കൗൺസിൽ രൂപീകരണ ബിൽ

ശ്രീ. ബി. സത്യൻ: സർ, 2017-ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപ്പെക്സ് കൗൺസിൽ രൂപീകരണ ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 1988-ൽ ഇടതുപക്ഷ സർക്കാരാണ് ടൂറിസം തദ്ദേശീയമായി വികസിപ്പിക്കുക എന്ന ലക്ഷ്യംവച്ചുകൊണ്ട് ഡി.റ്റി.പി.സി.-കൾക്ക് രൂപം കൊടുത്തത്. അത് രൂപീകരിച്ചിട്ട് ഇപ്പോൾ 29 വർഷമാകുന്നു. 29 വർഷംകൊണ്ട് ഡി.റ്റി.പി.സി. കുറേയേറെ മുന്നോട്ടുപോയിട്ടുണ്ട്. ഡി.റ്റി.പി.സി.-കളുടെ പ്രവർത്തനങ്ങൾ നമ്മളാഗ്രഹിച്ചതുപോലെയോ, അത് രൂപീകരിക്കുന്ന ഘട്ടത്തിൽ സർക്കാർ അന്ന് പ്രതീക്ഷിച്ച തോതിലോ വളരെ വേഗതയിൽ ഉയർന്നുപോയെന്ന്

LIBRARY ARCHIVES Kerala Legislative Assembly